"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒരു വർഷം ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുന്ന യോഗ്യരായവർക്ക് ഓരോ കൃഷിക്കും മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ അതതു കൃഷിക്ക് സബ്സിഡി നൽകാൻ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1357/2023/LSGD തീയതി,തിരുവനന്തപുരം, 02-07-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 01.03.2023 ലെ C8/5231/2023-ാം നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.8

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 6.1.9 പ്രകാരം നെൽകൃഷിക്ക് ഓരോ പൂ കൃഷിക്കും സബ്സിഡി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. നെൽകൃഷി പോലെ ഒന്നിൽ കൂടുതൽ തവണ ഒരു വർഷം പച്ചക്കറികൃഷി ചെയ്യുന്നത് സാധാരണമാണ്. എന്നാൽ ഒരു വർഷം ഒന്നിലധികം തവണ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കൃഷിയുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകാമോ എന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്ന് തിരുവനന്തപുരം നഗരസഭ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സ്ഥലത്ത് തന്നെ ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുകയാണെങ്കിൽ ഓരോ കൃഷിക്കും മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ അതതു കൃഷിക്ക് സബ്സിഡി നൽകാൻ, മാർഗ്ഗരേഖയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ അർഹതയുള്ള മുഴുവൻ കർഷകർക്കും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്സിഡി നൽകുന്നുണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പാക്കണം. പന്തൽ നിർമ്മാണം, സ്ട്രക്ചർ നിർമ്മാണം എന്നിവയ്ക്ക് മൂന്നു വർഷത്തിലൊരിക്കൽ മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കൃഷി വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-07-2023 11:07:19
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്